# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.02.2026**

### പ്രധാനവാർത്തകൾ

1) വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ ലോക്സഭ ഇന്നും പ്രക്ഷുബ്ധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2) ശബരിമല സ്വർണ്ണ അപഹരണക്കേസിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. പ്രതിപക്ഷം സഭാ നടപടികൾ ബഹിഷ്കരിച്ചു. സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ചകൾ നിയമസഭയിൽ പൂർത്തിയായി.

3) സംസ്ഥാനത്ത് എസ് ഐ ആർ പ്രക്രിയയുടെ ഭാഗമായി ഹിയറിംഗ് പൂർത്തിയാക്കുന്ന ആദ്യ നിയമസഭാമണ്ഡലമായി കുട്ടനാട്.

4) മണിപ്പൂരിൽ രാഷ്ട്രപതി ഭരണം പിൻവലിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം പുറത്തിറക്കി

5) കണ്ണൂർ മാലൂർ പഞ്ചായത്തിൽ പക്ഷി പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ജനങ്ങൾ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ജില്ലാ മൃഗസംരക്ഷണ വകുപ്പ് .

6) സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനലിൽ നാളെ കേരളം പഞ്ചാബിനെയും, സർവീസസ് - റെയിൽവേയ്സിനെയും നേരിടും.

*******************

RIJU TVPM

## <u>പാർലമെൻറ് (ഇൻട്രോ)</u>

വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ ലോക്സഭ ഇന്നും പ്രക്ഷുബ്ധം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. മൂന്ന് തവണ നിർത്തിവച്ച ലോക്സഭാനടപടികൾ 5 മണിയോടെ പുനരാരംഭിച്ചെങ്കിലും, പ്രതിപക്ഷം പ്രതിഷേധം തുടർന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു. രാവിലെ ചോദ്യോത്തരവേള ആരംഭിച്ചെങ്കിലും ബഹളത്തെ തുടർന്ന് അധികനേരം തുടരാനായില്ല. പ്രതിഷേധം തുടരുന്നതിനിടെ, ഇന്ത്യ- അമേരിക്ക വ്യാപാര കരാർ സംബന്ധിച്ച് കേന്ദ്ര വാണിജ്യ മന്ത്രി പിയുഷ് ഗോയൽ ലോക്സഭയിൽ പ്രസ്താവന നടത്തി . ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും 2047-ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും കരാർ സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. ചെറുകിട-ഇടത്തരം സംരംഭങ്ങൾ, വൈദഗ്ധ്യമുള്ള തൊഴിലാളികൾ, വിവിധ വ്യവസായ മേഖലകൾ എന്നിവയ്ക്ക് കരാർ പുതിയ അവസരങ്ങൾ തുറന്നുനൽകുമെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.
(ഹോൾഡ്)

RNU TVPM

*******************

## <u>രാജ്യസഭ</u>

രാജ്യസഭയിൽ നന്ദിപ്രമേയ ചർച്ചകൾ ഇന്നും തുടർന്നു. അമൃതകാലത്തിൻറെ സത്ത ഉൾക്കൊള്ളുന്നതായിരുന്നു രാഷ്ട്രപതിയുടെ അഭിസംബോധനയെന്ന് ചർച്ചയിൽ പങ്കെടുത്ത് കേന്ദ്രമന്ത്രി ജെ പി നഡ്ഡ പറഞ്ഞു. പരിഷ്കരണം, പ്രകടനം എന്നിവയിൽ കൃത്യമായ കാഴ്ചപ്പാടോടെ ആണ് നരേന്ദ്രമോദി സർക്കാർ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ രാജ്യത്ത് സാമൂഹ്യനീതിയും, സൗഹാർദ്ദവും കുറഞ്ഞ് വരുന്നതായി പറഞ്ഞ രാജ്യസഭാ പ്രതിപക്ഷനേതാവ് മല്ലികാർജുൻ ഖർഗേ

വനിതകൾക്കും, SC, ST വിഭാഗങ്ങൾക്കും എതിരായ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായും വിമർശനം ഉന്നയിച്ചു.

*******************

## നിയമസഭ (ഇൻട്രോ)

ശബരിമല സ്വർണ്ണ അപഹരണക്കേസ് ഉന്നയിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. സഭാ നടപടികൾ പ്രതിപക്ഷം ബഹിഷ്കരിച്ചു. സ്പീക്കറുടെ ഡയസിനു മുന്നിൽ ബാനറുകളും പ്ലക്കാർഡുമുയർത്തി ചോദ്യോത്തര വേളയുടെ തുടക്കത്തിൽ തന്നെ പ്രതിപക്ഷം പ്രതിഷേധം ആരംഭിക്കുകയായിരുന്നു. സംസ്ഥാന ബജറ്റിന്മേലുള്ള ചർച്ചകൾ നിയമസഭയിൽ പൂർത്തിയായി. സമസ്തമേഖലയെയും സ്പർശിച്ചുകൊണ്ടുള്ള ബജറ്റാണ് ഇക്കുറി അവതരിപ്പിച്ചതെന്ന് ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് ധനമന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു. സഭയെ വിശ്വാസത്തിൽ എടുക്കാതെയാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നതെന്ന വിമർശനവും അദ്ദേഹം ഉന്നയിച്ചു. (ഹോൾഡ്)

RNU TVPM

*******************

## എസ് ഐ ആർ-

സംസ്ഥാനത്ത് എസ് ഐ ആർ പ്രക്രിയയുടെ ഭാഗമായി ഹിയറിംഗ് പൂർത്തിയാക്കുന്ന ആദ്യ നിയമസഭാമണ്ഡലമായി കുട്ടനാട് മാറി. 14,233 പേർക്ക് നോട്ടീസ് നൽകി ഹിയറിംഗ് പ്രക്രിയ നടത്തിയാണ് മണ്ഡലം നൂറു ശതമാനമെന്ന നേട്ടത്തിലേക്കെത്തിയത്. തുടർന്ന് അരുവിക്കര, വൈക്കം ,കുന്നത്തുനാട് നിയമസഭാമണ്ഡലങ്ങളും ആദ്യം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കുന്ന മണ്ഡലങ്ങളായി മാറി. മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ.യു.കേൽക്കർ പ്രസ്തുത മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ അഭിനന്ദിച്ചു.ഉദ്യോഗസ്ഥരുടേയും രാഷ്ട്രീയ പാർട്ടികളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെ, ഫെബ്രുവരി 12-നകം

സംസ്ഥാനത്തുടനീളം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രത്യാശയും അദ്ദേഹം പങ്കുവച്ചു.

*******************

## പിഎം മലേഷ്യ

പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 7,8 തീയതികളിൽ മലേഷ്യ സന്ദർശിക്കും. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും. മലേഷ്യയിലെ ഇന്ത്യൻ സമൂഹവുമായും പ്രധാനമന്ത്രി സംവദിക്കും.

*******************

## മണിപ്പൂരിൽ രാഷ്ട്രപതി ഭരണം പിൻവലിച്ചു

മണിപ്പൂരിൽ രാഷ്ട്രപതി ഭരണം പിൻവലിച്ചു . ഇത് സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി. കഴിഞ്ഞ വർഷം ഫെബ്രുവരി 13 നാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയത്. പുതിയ സർക്കാർ അധികാരമേൽക്കുന്നതിൻറെ ഭാഗമായി യുംനാം ഖേംചന്ദ് സിങ്ങിനെ ബിജെപി നിയമസഭാകക്ഷി നേതാവായി തിരഞ്ഞെടുത്തിരുന്നു.

RNU TVPM

*******************

## കണ്ണൂർ -ഇൻട്രോ)

കണ്ണൂർ മാലൂർ പഞ്ചായത്തിലെ തൃക്കടാരിപൊയിലിൽ ചത്ത കാക്കയിൽ പക്ഷി പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ജനങ്ങൾ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ജില്ലാ മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കഴിഞ്ഞമാസം 17ന് ഇരിട്ടി എടക്കാനത്ത്, ചത്ത കാക്കയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിരുന്നു.

**വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയിസ്)**

*******************

## കെ ആർ നാരായണൻ

മുൻ രാഷ്ട്രപതി കെ ആർ നാരായണൻറെ ജന്മവാർഷിക ദിനത്തിൽ ആദരം അർപ്പിച്ച് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ലോക്ഭവനിലെ കെ.ആർ നാരായണൻ പ്രതിമയിൽ ഗവർണർ പുഷ്പാർച്ചന നടത്തി.

*******************

## തീപിടുത്തം-കോന്നി മെഡിക്കൽ കോളെജ്

കോന്നി മെഡിക്കൽ കോളജിൽ, ജനറേറ്റർ റൂമിൽ നിന്ന് പടർന്നു പിടിച്ച തീ പൂർണമായും അണച്ചു. രോഗികളും ആരോഗ്യ പ്രവർത്തകരും അടക്കം
എല്ലാവരും സുരക്ഷിതരാണ്. തീപിടുത്തത്തെ തുടർന്ന് പുക മുകൾ നിലകളിലേക്ക് വ്യാപിച്ചതിനാൽ, ബ്ലോവർ എത്തിച്ച് പുക വലിച്ചു പുറത്തേക്ക് കളയുന്നതിനുള്ള ശ്രമത്തിലാണ് ഫയർഫോഴ്സ്.

*******************

## ശബരിമല-ആടിയശിഷ്ടം നെയ്യ്

ശബരിമലയിലെ ആടിയശിഷ്ടം നെയ്യ് വിതരണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ടുള്ള ദേവസ്വം വിജിലൻസ് കേസിൽ തിരുവനന്തപുരം സ്വദേശിയും ദേവസ്വം ബോർഡ് ജീവനക്കാരനുമായ സുനിൽ കുമാർ പോറ്റിയെ അറസ്റ്റ്ചെയ്തു. വിജിലൻസ് നടത്തിയ ചോദ്യം ചെയ്യലിനൊടുവിൽ പത്തനംതിട്ട വിജിലൻസ് ഓഫിസിൽ വച്ച് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. കേസിൽ പതിമൂന്നാം പ്രതിയാണ് സുനിൽ കുമാർ.

*******************

## ആകാശവാണി ശിൽപശാല

ആകാശവാണി തിരുവനന്തപുരത്ത് ഗാനരചനാ ശിൽപശാല സംഘടിപ്പിച്ചു. പ്രക്ഷേപണ യോഗ്യമായ രീതിയിൽ എങ്ങനെ ഗാനങ്ങൾ ചിട്ടപ്പെടുത്താം എന്നതിലുള്ള പ്രായോഗിക പരിശീലനമായിരുന്നു ശിൽപശാല. മുട്ടറ ബി എൻ രവീന്ദ്രൻ,

RNUTVPM

ശ്രീകുമാർ മുഖത്തല എന്നിവർ നയിച്ച ശിൽപശാലയിൽ വിവിധ ജില്ലകളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർ പങ്കെടുത്തു.ആകാശവാണി റീജണൽ ചാനൽ മേധാവിയും ക്ലസ്റ്റർ മേധാവിയുമായ ഡെപ്യൂട്ടി ഡയറക്ടർ ഡോ. എ ജി ബൈജു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വാർത്താ വിഭാഗം മേധാവി ലെമി ജി നായർ, പ്രോഗ്രാം മേധാവി പി എ ബിജു എന്നിവർ പ്രസംഗിച്ചു.

*******************

## എൻസിസി സ്വീകരണം

റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പരിപാടികളിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത 172 എൻ.സി.സി കേഡറ്റുകൾക്കും കണ്ടിജന്റ് കമാൻഡർക്കും പാങ്ങോട് കരിയപ്പ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി ആർ ബിന്ദു സ്വീകരണം നൽകി. മേജർ ജനറൽ രമേഷ് ഷൺമുഖത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മന്ത്രിയെ കേഡറ്റുകൾ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിച്ചു.

*******************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോൾ സെമിഫൈനൽ മത്സരങ്ങൾ നാളെ നടക്കും. സെമിയിൽ കേരളം പഞ്ചാബിനെയും, സർവീസസ് - റെയിൽവേയ്സിനെയും നേരിടും.

*******************

## ഓഹരി /സ്വർണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 78 പോയിൻറ് ഉയർന്ന് 83 ആയിരത്തി 817 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 48 പോയിൻറ് ഉയർന്ന് 25 ആയിരത്തി 776 ലും വ്യാപാരം അവസാനിപ്പിച്ചു.
സ്വർണവില ഇന്ന് ഉച്ചയ്ക്ക് ശേഷം കുറഞ്ഞു. പവന് 800 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 16 ആയിരത്തി തൊള്ളായിരത്തി 20 രൂപയും, ഗ്രാമിന് 14 ആയിരത്തി 615 രൂപയുമാണ് നിലവിൽ വില.

*******************

## ഗവർണർ - പിഐബി

ജമ്മു കശ്മീരിൽ നിന്നുള്ള മാധ്യമ സംഘം ലോക്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി കൂടിക്കാഴ്ച നടത്തി. ശ്രീനഗർ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന മാധ്യമ പര്യടനത്തിൻറെ ഭാഗമായാണ് രണ്ട് ഉദ്യോഗസ്ഥരും 12 മാധ്യമപ്രവർത്തകരും അടങ്ങുന്ന സംഘം ലോക്ഭവൻ സന്ദർശിച്ചത്. കേരളവും കശ്മീരും ആത്മീയമായും സാംസ്കാരികമായും ആഴമുള്ള ബന്ധം പങ്കുവെക്കുന്ന പ്രദേശങ്ങളാണെന്ന് ഗവർണർ കൂടിക്കാഴ്ചയിൽ പറഞ്ഞു.

*******************

## മാധ്യമ ശിൽപശാല

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല നാളെ എറണാകുളത്ത് നടക്കും. പെരുമ്പാവൂരിലെ ഹോട്ടൽ V K J ഇൻറർനാഷണലിൽ P I B കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി പരിപാടി ഉദ്ഘാടനം ചെയ്യും.

RNU TVPM

*******************

*************

******